DESPATCHED On 9/5/2022



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1784(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 15473/SIC-G4/2021)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

## സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മേയ് 4

ശ്രീ. അഭിലാഷ് വി.,
ഗീതാഞ്ജലി,
തുവയൂർ നോർത്ത്,
മണക്കാല പി.ഒ., അടൂർ - 691 551. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.

2) അപ്പീൽ അധികാരി & ഫാറം കൺട്രോളർ,
അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 15/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/05/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 20/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 06/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 24/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 03/03/2022 |
| ഹിയറിംഗ് നടന്ന തീയതി | 04/05/2022 - ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ., എ.എ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അഭിലാഷ് വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും കൃത്യവും വ്യക്തവുമായ മറുപടി ലഭിക്കാത്തതിനാലാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതെന്നും

ആയതിനാൽ കമ്മീഷൻ ഇടപെട്ട് ടിയാന് മറുപടി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ്.

2. 15.04.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, എതിർകക്ഷി സ്ഥാപനത്തിലും അതിനു കീഴിലുള്ള സ്ഥാപനങ്ങളിലേയും 2006 ജനുവരി മുതൽ 2021 ഏപ്രിൽ മാസം വരെ കാലയളവിലുള്ള താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്:

1) അച്ചടി വകുപ്പിന് കീഴിലുള്ള ഓരോ കാര്യാലയത്തിലെയും ടൈപ്പിസ്റ്റായി ജോലി നോക്കി വരുന്നവരുടെ പേരും, തസ്തികയും, നിയമന തീയതിയും ലഭ്യമാക്കണമെന്നും
2) 2006 ജനുവരി മുതൽ 2021 ഏപ്രിൽ വരെ വിവിധ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി നിയമിച്ച ഉത്തരവിന്റെ പകർപ്പുകൾ നൽകണമെന്നും
3) അച്ചടി വകുപ്പിൽ ടൈപ്പിസ്റ്റ്, ക്ലാർക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് യഥേഷ്ടം നടത്തിയിരുന്നത് എന്നുവരെ, എവിയെല്ലാം എന്നുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമായി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ 20.06.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ടി കാര്യാലയത്തിൽ നിന്നും ലഭിച്ചിട്ടില്ലെന്നും ആയതിനാൽ വ്യക്തവും കൃത്യവുമായ മറുപടി ലഭ്യമാക്കണമെന്നാണ്. ടി അപ്പീലിന് മറുപടി ലഭ്യമാക്കാൻ ആവശ്യമായ രേഖകൾ കണ്ടെത്തുന്നതിന് രണ്ട് മാസത്തെ സാവകാശം ആവശ്യപ്പെട്ട് മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 12.08.2021 തീയതി ഒരു ഇടക്കാല മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. 06.11.2021 തീയതി രണ്ടാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ, ടിയാന്റെ അപേക്ഷയിലെ മറുപടി നൽകാൻ ബാക്കി നിൽപ്പുള്ള 2-ാമത്തെ ചോദ്യത്തിന് വിശദമായ മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. അഭിലാഷ് വി., 14.4.2021-ന് വിവരാവകാശ നിയമപ്രകാരം ടി കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷയ്ക്ക് 17.5.2021-ന് മറുപടി നൽകിയിരുന്നു എന്നും എന്നാൽ ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ 5.7.2022-ന് അപ്പീൽ സമർപ്പിച്ചു എന്നും ടി അപ്പീൽ അപേക്ഷ പ്രകാരം 2006 മുതൽ 2021 വരെയുള്ള കാലയളവിലെ മറുപടിയാണ് നൽകേണ്ടിയിരുന്നതെന്നും എന്നാൽ ടി വിഷയം സംബന്ധിച്ച ഫയൽ കണ്ടെത്തുന്നതിനു കാലതാമസം നേരിട്ടെന്ന് മാത്രമല്ല ടി സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാരന് കോവിഡ് ബാധിച്ച് ചികിൽസയിൽ

ആവുകയും ചെയ്തതിനാലാണ് ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്കുള്ള മറുപടി ലഭ്യമാക്കാൻ കാലതാമസം നേരിട്ടതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിന് എതിർകക്ഷികൾ ബോധപൂർവ്വമോ മന:പ്പൂർവ്വമോ ആയ വീഴ്ച വരുത്തിയതായി കാണുന്നില്ല. മാത്രമല്ല അപ്പീൽ തീർപ്പാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിലും ആയതിനുള്ള കാരണങ്ങൾ രണ്ടാം എതിർകക്ഷി ബോധിപ്പിച്ചിട്ടുമുണ്ട്. ഹർജിക്കാരൻ നൽകിയ ഒന്നാം അപ്പീലും രണ്ടാം അപ്പീലും കൃത്യവും വ്യക്തവുമായ മറുപടി ലഭ്യമാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെങ്കിലും, ഏത് ഇനത്തിന് നൽകിയ മറുപടിയാണ് തൃപ്തികരമല്ലാത്തത് എന്ന് വ്യക്തമാക്കിയിട്ടില്ല. ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത് വിവരാവകാശ അപേക്ഷയിലെ 5, 6 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടിയാണ് തൃപ്തികരമല്ലാത്തതെന്നാണ്. ആയതിനാൽ ടി ഇനങ്ങൾക്കുള്ള വ്യക്തമായ മറുപടി തയ്യാറാക്കി 15.5.2022-നകം ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഹർജിക്കാരൻ 20.6.2021-ന് നൽകിയ ഒന്നാം അപ്പീൽ കാലതാമസം വരുത്തി 6.11.2021-നാണ് രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളത്. ആയത് 2006 മുതൽ 2021 വരെയുള്ള കാലയളവിലെ ഫയൽ കണ്ടെത്തുന്നതിന് കാലതാമസം നേരിട്ടതിനാലും, സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാരന് കോവിഡ് ബാധിച്ച് ചികിത്സയിൽ ആയതിനാലുമാണ് അപ്പീൽ അപേക്ഷയ്ക്കുള്ള മറുപടി നൽകാൻ കാലതാമസം നേരിട്ടതെന്നാണ്. ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ അപ്പീൽ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്ത് ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്ന് രണ്ടാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 4-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION, THIRUVANANTHAPURAM

us